# നീര ഉത്പാദന പരിശീലന ക്യാമ്പ് സമാപിച്ചു

കൊച്ചി: എസ്‌സിഎംഎസ് ഗവേഷണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച നീര ഉത്പാദന പരിശീലന ക്യാമ്പ് സമാപിച്ചു.

കുന്നുകരയിൽ രണ്ടാഴ്ച നീണ്ടുനിന്ന ക്യാമ്പിൽ കണ്ണൂർ, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിൽ നിന്നായി 22 പേർ പരിശീലനം പൂർത്തിയാക്കി. കുന്നുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാജിത ഷംസു ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ. കെ.മുരളീധരൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. തെരഞ്ഞെടുത്ത പരിശീലനാർഥികൾക്കുള്ള കാഷ് അവാർഡുകൾ ചടങ്ങിൽ സമ്മാനിച്ചു. എസ്‌സിഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസ് ആൻഡ് ബയോ ടെക്നോളജി റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഡയറക്ടർ ഡോ.സി. മോഹൻകുമാർ, അധ്യക്ഷത വഹിച്ചു. വാർഡ് മെംബർ ബീന, എസ്‌സിഎംഎസ് പബ്ലിക് റിലേഷൻസ് മാനേജർ സനൽപോറ്റി, ഷാജി, അഗസ്തി എന്നിവർ പ്രസംഗിച്ചു.